# Malayala Manorama

## 19 August 2018

## Kerala Flood, Rescue Operation, Fishermen

# കടലോളം കരുതലുമായ്

### മൽസ്യത്തൊഴിലാളികൾ നടത്തിയത് സമാനതകളില്ലാത്ത രക്ഷാപ്രവർത്തനം

**മനോരമ ലേഖകർ**

ചെങ്ങന്നൂർ, കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങൾ, ചാലക്കുടി, മാള, കൊടുങ്ങല്ലൂർ, ആലുവ, പറവൂർ പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ യന്ത്രവൽകൃത വള്ളങ്ങളിൽ നടത്തിയ രക്ഷാപ്രവർത്തനം സമാനകളില്ലാത്തത്. തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കണ്ണൂർ, തൃശൂർ, എറണാകുളം ജില്ലകളിലുള്ളവരാണു പ്രധാനമായും രംഗത്തുള്ളത്. മൽസ്യത്തൊഴിലാളികളുടെ ധൈര്യവും വെള്ളത്തിലെ പരിചയവും രക്ഷാപ്രവർത്തനം വേഗത്തിലാക്കി. രാപകൽ വ്യത്യാസമില്ലാതെയാണു രക്ഷാപ്രവർത്തനം. ഹെലികോപ്റ്ററുകൾ ഉപയോഗിച്ച് രക്ഷിക്കാനാകാത്തവിധം വീടുകളിൽ കുടുങ്ങിക്കിടന്നവരെ മത്സ്യത്തൊഴിലാളികൾ സാഹസികമായി മോചിപ്പിച്ചു. മത്സ്യത്തൊഴിലാളികൾ സ്വന്തം പണം മുടക്കിയാണു ലോറികളിൽ വള്ളങ്ങൾ കയറ്റി ദുരന്തമേഖലകളിലെത്തിയത്. പിന്നീടാണു ഫിഷറീസ് വകുപ്പ് മേൽനോട്ടം ഏറ്റെടുത്തത്.

തിരുവനന്തപുരത്തുനിന്നു മാത്രം അഞ്ഞൂറോളം മത്സ്യത്തൊഴിലാളികളും ഇരുനൂറ്റിഅൻപതിലേറെ ബോട്ടുകളും രക്ഷാപ്രവർത്തനത്തിനെത്തി. തിരുവനന്തപുരം ലത്തീൻ അതിരൂപത മൂന്നു ദിവസം മുൻപുതന്നെ അറുപതോളം ബോട്ടുകൾ ലോറികളിൽ പത്തനംതിട്ട ഭാഗത്ത് എത്തിച്ചിരുന്നു. ഫിഷറീസ് വകുപ്പിന്റെ ഏകോപനത്തിൽ മാത്രം 76 യന്ത്രവൽകൃത വള്ളങ്ങളിലായി 202 അംഗങ്ങളാണു രക്ഷാപ്രവർത്തനം നടത്തുന്നതെന്ന് ഫിഷറീസ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ബീന സുകുമാരൻ പറഞ്ഞു. കൊല്ലം ജില്ലയിൽ നിന്നു വള്ളങ്ങളുമായെത്തിയ മത്സ്യത്തൊഴിലാളികൾ മാവേലിക്കര, കടപ്ര ഭാഗങ്ങളിൽനിന്നു മാത്രം രക്ഷപ്പെടുത്തിയത് എണ്ണായിരത്തോളം പേരെയാണെന്നു കൊല്ലം സിറ്റി പൊലീസ് അറിയിച്ചു.

ചാലക്കുടി, മാള, കൊടുങ്ങല്ലൂർ പ്രദേശങ്ങളിൽ മലപ്പുറം, കണ്ണൂർ, തൃശൂർ ജില്ലകളിൽ നിന്നെത്തിയ മൽസ്യത്തൊഴിലാളികളാണു രക്ഷാപ്രവർത്തനം നടത്തിയത്. ചാലക്കുടിയിൽ വെള്ളം പൊങ്ങിയ ചെറിയ റോഡുകളിലൂടെയും പാടങ്ങളിലൂടെയും ഇവർ തേടിച്ചെന്നു. യന്ത്രവൽകൃത വള്ളങ്ങൾ വീടുകളോട് അടുപ്പിച്ച് നീന്തിച്ചെന്നാണു വീട്ടിൽ കുടുങ്ങിയവരെ രക്ഷിച്ചത്. തൃശൂർ ജില്ലയിൽ മാത്രം കണ്ണൂരിൽനിന്നു പതിനൊന്നും മലപ്പുറത്തുനിന്നു പത്തും തൃശൂരിൽനിന്നു പതിനഞ്ചും വള്ളങ്ങൾ എത്തി. ശക്തമായ ഒഴുക്കുമൂലം റബർ ബോട്ടുകൾക്കും മറ്റും പോകാൻ പറ്റാത്ത സ്ഥലത്തു മൽസ്യത്തൊഴിലാളികളുടെ വഞ്ചികൾ ഒഴുക്കു മുറിച്ചെത്തി.

ചെങ്ങന്നൂർ, കുട്ടനാട്, അപ്പർകുട്ടനാട് മേഖലകളിലെ രക്ഷാപ്രവർത്തനങ്ങൾക്കു വേഗം കൈവന്നത് മത്സ്യത്തൊഴിലാളികൾ എത്തിയപ്പോഴാണ്. കുടിവെള്ളവും ഭക്ഷണ സാധനങ്ങളും ക്യാംപുകളിൽ എത്തിക്കാനും അവർ മുന്നിൽ നിന്നു. മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനം മാതൃകാപരവും ആശ്വാസകരവുമെന്നു മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ പറഞ്ഞു.

### ചെങ്ങന്നൂരിൽ കൺട്രോൾ റൂം

മൽസ്യത്തൊഴിലാളികളുടെ വള്ളങ്ങളുടെ രക്ഷാദൗത്യ ഏകോപനത്തിന് ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മയുടെ നിർദേശപ്രകാരം ചെങ്ങന്നൂർ കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പ് കൺട്രോൾ റൂം തുറന്നു. പത്ത് വള്ളങ്ങൾക്ക് ഒരു നോഡൽ ഓഫിസർ എന്ന കണക്കിൽ ജീവനക്കാരെ പ്രത്യേകമായി നിയോഗിക്കും. എൻജിൻ തകരാർ നേരിടുന്ന വള്ളങ്ങൾക്കായി പുതിയ അഞ്ച് എൻജിനുകൾ മത്സ്യഫെഡ് അയയ്ക്കും. വള്ളങ്ങൾക്ക് ആവശ്യമായ ഇന്ധനം നൽകിയിട്ടുണ്ട്.